**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1866** **31-08-2022 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് കോംപ്ലക്സുകളുടെ നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ഡോ. എം.കെ . മുനീർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കായിക മേഖലയുടെ വികസനത്തിനായി എല്ലാ ജില്ലകളിലും സ്പോർട്സ് കോംപ്ലക്സുകൾ നിർമിക്കുന്നതിനുള്ള പദ്ധതിയിൽ ഏതെല്ലാം ജില്ലകളിലെ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | **സംസ്ഥാനത്തെ കായിക മേഖലയുടെ വികസനത്തിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി എല്ലാ ജില്ലകളിലും ജില്ലാ സ്റ്റേഡിയങ്ങൾ നിർമ്മിക്കുവാൻ ഉത്തരവായിരുന്നു. പ്രസ്തുത പ്രവൃത്തികളിൽ പലതും പൂർത്തീകരണഘട്ടത്തിലെത്തിയിട്ടുണ്ട്.<br>അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ ചില പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കരാർ സംബന്ധമായ പ്രശ്നങ്ങൾ മൂലം ചില പദ്ധതികൾക്ക് വേണ്ടത്ര പുരോഗതി കൈവരിക്കുവാനും കഴിഞ്ഞിട്ടില്ല. 2024ഡിസംബർ മാസത്തോടു കൂടി എല്ലാ പ്രവൃത്തികളും പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.** |
| (ബി) | ബാക്കിയുള്ളവ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | **സംസ്ഥാനത്തെ കായിക മേഖലയുടെ വികസനത്തിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി എല്ലാ ജില്ലകളിലും ജില്ലാ സ്റ്റേഡിയങ്ങൾ നിർമ്മിക്കുവാൻ ഉത്തരവായിരുന്നു. പ്രസ്തുത പ്രവൃത്തികളിൽ പലതും പൂർത്തീകരണഘട്ടത്തിലെത്തിയിട്ടുണ്ട്.<br>അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ ചില പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കരാർ സംബന്ധമായ പ്രശ്നങ്ങൾ മൂലം ചില പദ്ധതികൾക്ക് വേണ്ടത്ര പുരോഗതി കൈവരിക്കുവാനും കഴിഞ്ഞിട്ടില്ല. 2024ഡിസംബർ മാസത്തോടു കൂടി എല്ലാ പ്രവൃത്തികളും പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.** |
| (സി) | കോഴിക്കോട് ഒരു ഇന്റർനാഷണൽ സ്റ്റേഡിയം നിർമിക്കണമെന്ന ആവശ്യത്തിൻമേൽ എന്തെല്ലാം | (സി) | **കോഴിക്കോട് ഒരു ഇന്റർനാഷണൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലം** |

| | | | |
|---|---|---|---|
| | നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | | **കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നം | പദ്ധതിയുടെ പേര് | കിഫ്ബി അംഗീകരിച്ച തുക (കോടിയിൽ) | പ്രവൃത്തികളുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | തിരുവനന്തപുരം തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം, ഇടവ | 34.26 | നിലവിൽ സിവിൽ നിർമ്മാണ പ്രവൃത്തികൾ 42% പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | കൊല്ലം ഒളിമ്പ്യൻ സുരേഷ്ബാബു. ഇൻഡോർ സ്റ്റേഡിയം | 42.73 | നിലവിൽ സിവിൽ നിർമ്മാണ പ്രവൃത്തികൾ 30% പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | പത്തനംതിട്ട ബ്ലസൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | - | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി ആയിരുന്ന കിറ്റ്കോയിൽ നിന്നും നിർവ്വഹണ ചുമതല കായിക രംഗത്ത് പുതുതായി രൂപീകരിച്ച സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. |
| 4 | ചെങ്ങന്നൂർ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം, ആലപ്പുഴ | 41.47 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 58% പൂർത്തീകരിച്ചിട്ടുണ്ട്. |
| 5 | കോട്ടയം സൂസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം | - | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി ആയിരുന്ന കിറ്റ്കോയിൽ നിന്നും നിർവ്വഹണ ചുമതല കായിക രംഗത്ത് പുതുതായി രൂപീകരിച്ച സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. |
| 6 | എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം | - | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി ആയിരുന്ന കിറ്റ്കോയിൽ നിന്നും നിർവ്വഹണ ചുമതല കായിക രംഗത്ത് പുതുതായി രൂപീകരിച്ച സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. |
| 7 | ഇടുക്കി കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം | 33.78 | പ്രവൃത്തികൾ എസ്.പി. വി ആയ കിറ്റ്കോയുടെ മേൽനോട്ടത്തിൽ പുരോഗമിച്ച് വരുന്നു. |
| 8 | തൃശ്ശൂർ ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം | 56.01 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 60% പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി 31.12.2022 ൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| 9 | പാലക്കാട് കെ.കെ. പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം | - | പ്രവൃത്തിക്കായി മലമ്പുഴയിൽ ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള ഒരു സ്ഥലം അനുയോജ്യമാണെന്നു കണ്ടെത്തിയിട്ടുണ്ട്. ഇത് കൈമാറിയെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| 10 | മലപ്പുറം പി. മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം | - | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി ആയിരുന്ന കിറ്റ്കോയിൽ നിന്നും നിർവ്വഹണ ചുമതല കായിക രംഗത്ത് പുതുതായി രൂപീകരിച്ച സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| 11 | കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം | - | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി ആയിരുന്ന കിറ്റ്കോയിൽ നിന്നും നിർവ്വഹണ ചുമതല കായിക രംഗത്ത് പുതുതായി രൂപീകരിച്ച സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. |
| 12 | വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 36.88 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി 30.11.2022 ൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| 13 | കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | - | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി ആയിരുന്ന കിറ്റ്കോയിൽ നിന്നും നിർവ്വഹണ ചുമതല കായിക രംഗത്ത് പുതുതായി രൂപീകരിച്ച സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. |
| 14 | കാസർഗോഡ് എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | 29.32 | പ്രസ്തുത പ്രവൃത്തി കിറ്റ്കോയുടെ നേതൃത്വത്തിൽ പുരോഗമിച്ച് വരുന്നു. |

Rajee R Pillai
സെക്ഷൻ ഓഫീസർ